"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പി എം എ വൈ (നഗരം) - ഹൗസ് ഫോർ ഓൾ പ്ലാൻ ഓഫ് ആക്ഷൻ (HFAPoA) - 2017 ലെ കേന്ദ്രവിഹിതം സംസ്ഥാന വിഹിതവും അടക്കം 3,57,00,000/- അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt)No.1129/2022/LSGD തീയതി,തിരുവനന്തപുരം, 06-05-2022

---

പരാമർശം:-
1. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 30/03/2017 ലെ F No N 11011/09/2017 - HFA II/CF.No.3017393 നമ്പർ ഉത്തരവ്.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31/01/2022 തീയതിയിലെ 415/N/2021/KSHO നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം നഗരസഭകളുടെ ഹൗസിങ് ഫോർ ഓൾ പ്ലാനിങ് ആക്ഷൻ (HFAPoA) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 476 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് എന്നും, കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 75:25 ആണെന്നും, HFAPoA നടത്തിപ്പിനായി കേന്ദ്രവിഹിതമായി 2,67,75,000/- രൂപ (രണ്ട് കോടി അറുപത്തി ഏഴ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത കേന്ദ്ര വിഹിതത്തിന്റെ ആനുപാതിക സംസ്ഥാന വിഹിതമായി 89,25,000/- രൂപയടക്കം ആകെ കേന്ദ്രസംസ്ഥാന വിഹിതമായ 3,57,00,000/- രൂപ (മൂന്ന് കോടി അമ്പത്തി ഏഴ് ലക്ഷം രൂപ) അനുവദിച്ചു നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ (നഗരം) ലൈഫ് പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും നടപ്പാക്കുന്നതിന്റെ ഭാഗമായി നഗരസഭകളുടെ ഹൗസ് ഫോർ ഓൾ പ്ലാൻ ഓഫ് ആക്ഷൻ (HFAPoA) നടത്തിപ്പിനായി 2017-ൽ കേന്ദ്രവിഹിതമായി അനുവദിച്ച 2,67,75,000/- രൂപയും ആയതിന്റെ ആനുപാതിക സംസ്ഥാന വിഹിതമായ 89,25,000/- രൂപയും ചേർത്ത് ആകെ 3,57,00,000/- (മൂന്നു കോടി അൻപത്തിയേഴ് ലക്ഷം രൂപ) പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായ (NA) അർബൻ ഹൗസിംഗ് മിഷന്റെ ICICI ബാങ്ക് A/C No: 033601001669, IFSC: ICIC0000336 പഴയ റോഡ് ബ്രാഞ്ച്, മെഡിക്കൽ കോളേജ് എന്ന അക്കൗണ്ടിൽ ചുവടെ വിശദീകരിച്ച പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Head of Account | Central Share | State Share | Total |
|---|---|---|---|
| 2217-05-192-48(15) | 2,67,75,000 | | 2,67,75,000 |
| 2217-05-192-48(16) | | 89,25,000 | 89,25,000 |

| | | | |
|---|---|---|---|
| Total | | | 3,57,00,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJU PRABHAKAR

SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) സെക്രട്ടറിയുടെ പി.എ.യ്ക്ക്